**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 785** **26-07-2021 - ൽ മറുപടിയ്ക്ക്**

**മാനസ്സിക സംഘർഷങ്ങൾ ഇല്ലാത്ത ഡിജിറ്റൽ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി.സിദ്ദിഖ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ, ഓൺലൈൻ വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാതെ മാനസിക സമ്മർദ്ദം മൂലം വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പശ്ചാത്തലത്തിൽ, കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഈ അധ്യയന വർഷം ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സ്കൂളുകളിൽ പോകാൻ കഴിയാതെ വീട്ടുകളിലിരുന്ന് ഡിജിറ്റൽ ക്ലാസ്സുകളിലൂടെ പഠനം നടത്തുന്നത് ചില കുട്ടികളിലെങ്കിലും മാനസിക - വൈകാരിക സംഘർഷങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികളിലുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി വിക്ടേഴ്സ് ചാനലിലൂടെ കൗൺസലിംഗ് ക്ലാസ്സുകൾ നൽകിയിരുന്നു. കൂടാതെ യോഗ, കലാ-കായിക ആക്ടിവിറ്റികൾ അടങ്ങുന്ന ക്ലാസ്സുകളും കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. അധ്യാപകർ കുട്ടികളുമായും രക്ഷിതാക്കളുമായും നിരന്തരം ആശയവിനിമയം നടത്തുന്നുണ്ട്. |
| (ബി) | ഇന്റർനെറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും അധ്യാപക-വിദ്യാർത്ഥി ബന്ധത്തിലെ വിടവും കുട്ടികൾക്ക് സ്കൂൾ അന്തരീക്ഷം നഷ്ടപ്പെടുത്തുകയും അവരിൽ മാനസിക സംഘർഷമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കോവിഡ് 19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാതിരുന്ന സമയത്താണ് ‘ഫസ്റ്റ്ബെൽ’ എന്ന പേരിൽ ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക ക്ലാസുകൾ സംസ്ഥാനത്ത് ആരംഭിച്ചത്. കൈറ്റ് വിക്ടേഴ്സിലൂടെ ക്ലാസുകൾ സംപ്രേഷണം ചെയ്യുന്നതു തന്നെ കുട്ടികളെ സഹായിക്കുന്നതിനു വേണ്ടിയാണ്. കൂടാതെ മാനസിക സംഘർഷം പരമാവധി ഇല്ലാതാക്കുന്നതിന് പ്രത്യേക പരിപാടികളും വിക്ടേഴ്സിലൂടെ കഴിഞ്ഞ വർഷം സംപ്രേഷണം ചെയ്തിരുന്നു. ബന്ധപ്പെട്ട മേഖലയിലെ ഡോക്ടർമാർ ഉൾപ്പെടെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി 'മാനസികാരോഗ്യം’, 'അതിജീവനം' എന്നീ പ്രത്യേക പരിപാടികളും സംപ്രേഷണം ചെയ്തിട്ടുണ്ട്. കൂടാതെ വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | ഔവർ റിസ്പോൺസിബ്ലിറ്റി റ്റു ചിൽഡ്രൻ (ഒ.ആർ.സി) പദ്ധതി നടപ്പിലാക്കുന്ന 304 സ്കൂളുകളിൽ കുട്ടികൾക്ക് കൗൺസിലിംഗ് അടക്കമുള്ള ക്ലാസ്സുകൾ നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അധ്യാപകർ കുട്ടികൾക്ക് ആവശ്യം വേണ്ട മാനസിക പിൻതുണയും പ്രദാനം ചെയ്യുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും മാനസിക സംഘർഷങ്ങൾ ഇല്ലാതെ ഡിജിറ്റൽ/ ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ വർഷം 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ എല്ലാ വിഭാഗം കുട്ടികൾക്കും ലഭ്യമാക്കിക്കൊണ്ടാണ് നടപ്പിലാക്കിയത്. ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുന്നതും എല്ലാ കുട്ടികൾക്കും പ്രയോജനപ്പെടുന്ന വിധത്തിലായിരിക്കും. ഇതിന്റെ ഭാഗമായി ആദിവാസി മേഖലയിലേത് ഉൾപ്പെടെ എല്ലാ കുട്ടികൾക്കും ഉപകരണങ്ങളും കണക്ടിവിറ്റിയും ഒരുക്കാനുള്ള ശ്രമങ്ങൾക്ക് പ്രഥമ പരിഗണന നൽകിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്ക് ഉപകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് കൈറ്റ് വഴി സ്കൂളുകൾക്ക് നൽകിയിട്ടുള്ള കമ്പ്യൂട്ടറുകൾ കുട്ടികൾക്കായി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 12 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 2021-22 അദ്ധ്യയന വർഷത്തിൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഈ അധ്യായനവർഷം മുതൽ ജി സ്യൂട്ട് ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പ്ലാറ്റ്ഫോമിലൂടെ കുട്ടികൾക്ക് അവരുടെ സ്വന്തം അധ്യാപകരുമായി നേരിട്ടു സംവദിക്കുന്നതിനും സഹപാഠികളുമായി ആശയവിനിമയം നടത്തുന്നതിനും പഠന പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് അധ്യയനം സജ്ജമാക്കുന്നതിനു കഴിയും. ആയതിലൂടെ ഒരു പരിധിവരെ ക്ലാസ്സ് റൂം പഠനത്തിന്റെ വെർച്ചൽ മാതൃക കുട്ടികൾക്ക് നൽകാൻ കഴിയുമെന്നും ഇതിലൂടെ കുട്ടികളുടെ മാനസിക സംഘർഷം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ